**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2268** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയോടെയും വേഗത്തിലും അഴിമതിമുക്തമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ രംഗത്തെ ഭരണ സംവിധാനത്തെ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ സേവനപ്രദാനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17/7/2020 ലെ സ.ഉ(കൈ) നം.106/2020/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടിയുടെ ഭാഗമായി എസ്.ആർ.ഒ നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>വിവരസാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റേയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ നീക്കം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും ഇലക്ട്രോണിക് വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ നീക്കത്തിൽ തട്ടുകളുടെ എണ്ണം നിജപ്പെടുത്തുക വഴി ഫയലുകൾ |

| | | | |
|---|---|---|---|
| | | | വേഗത്തിൽ തീരുമാനം ഉണ്ടാക്കുന്നതിനും സേവനപ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴിയൊരുക്കും. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കുവാനും സാധിക്കും.. |
| (ബി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിലൂടെ അധികാര വികേന്ദ്രീകൃത പ്രക്രിയയേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ഏതെല്ലാം വിധത്തിൽ ശക്തിപ്പെടുത്താനാകുമെന്ന് വിശദമാക്കാമോ? | (ബി) | അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാ ഓഫീസ് എന്നത് ഒരു പുതിയ സംവിധാനമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ സംവിധാനത്തിന്റെ തലവനായി ജോയിന്റ് ഡയറക്ടറെയാണ് സ.ഉ(കൈ)നം. 106/ 2020/തസ്വഭവ തീയതി 17.07.2020 പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി ഇപ്പോൾ ആസ്ഥാന ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന പല സേവനങ്ങളും ജില്ലാ ഓഫീസുകളിൽ നിന്ന് ലഭ്യമാകും. അതുവഴി സമയം, അദ്ധ്വാനം എന്നിവ ലാഭിക്കാനാകും. എല്ലാ ജില്ലകളിലും ജോയിന്റ് ഡയറക്ടറുടെ കാര്യാലയം ഉണ്ടായിരിക്കും. ജില്ലാതലത്തിൽ ഏകീകൃത സംവിധാനം നിലവിൽ വരുന്നതോടുകൂടി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ അവരുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സഹായിക്കാനാകും. ഈ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട വിവിധ ജനക്ഷേമ പ്രവർത്തനങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവ തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തി സംയുക്ത സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനും ദുരന്തനിവാരണം, പകർച്ചവ്യാധി നിവാരണം പോലുള്ള സുപ്രധാന കാര്യങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദമായി കൈകാര്യം ചെയ്യാനും സാധിക്കുന്നതാണ്. ഏകീകൃത പൊതു സർവ്വീസിന്റെ ജില്ലാതലവനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലയിലെ ഏകോപനത്തിൽ ഭരണപരവും നയപരവുമായ കാര്യങ്ങളിൽ നേതൃസ്ഥാനം വഹിക്കേണ്ടതും ജോയിന്റ് ഡയറക്ടറാണ്. ജില്ലയ്ക്ക് അകത്തുള്ള തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ വിവിധ കാര്യങ്ങളിലുള്ള ഏകോപനം സാധ്യമാക്കുന്നതിൽ ജോയിന്റെ ഡയറക്ടർക്ക് നിർണ്ണായക സ്വാധീനം ചെലുത്താനാകും. അത് ഫലപ്രദമായ പദ്ധതി |

| | | | |
|---|---|---|---|
| | | | നിർവ്വഹണത്തിലും അവലോകനത്തിലൂടെയും ജനക്ഷേമ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുന്നതാണ്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണാവകാശങ്ങൾ സംരക്ഷിച്ച് കൊണ്ട് വികേന്ദ്രീകൃത ഭരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനുള്ള ഭരണ സംസ്കാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ മുഴുവൻ ജീവനക്കാരിലും വളർത്തുന്നതിന് തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് പ്രയോജനകരമാകുന്നതാണ്. തികച്ചും വികേന്ദ്രീകരണ സ്വഭാവത്തോടെയുള്ള രീതിയിലാണ് ഏകീകൃത വകുപ്പിന്റെ ഘടന രൂപകല്പന ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ